പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3091** — 10.03.2017-ൽ മറുപടിക്ക്

പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനമന്ത്രി ഭവനനിർമ്മാണ പദ്ധതിക്ക് സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധമുണ്ടോ ;<br><br>(ബി) നിർവ്വഹണ ഏജൻസി ഭവന നിർമ്മാണ ബോർഡാണോ ;<br><br>(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഈ സാമ്പത്തിക വർഷം എത്ര വീടുകൾ നിർമ്മിച്ചു. | (എ), (ബി) & (സി) ഇല്ല. കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (ഡി) ഭവനനിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ; ഇവയുടെ നടപടിക്രമം വിശദമാക്കുമോ ? | (ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

## 1. സാഫല്യം ഭവനപദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/ പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച നൽകുന്ന സാഫല്യം ഭവന പദ്ധതി ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിലൂടെ 327 ച.അടി (സർവ്വീസടക്കം തറ വിസ്തീർണ്ണം) വിസ്തൃതിയിലുള്ള ഫ്ലാറ്റുകളാണ് 3.50 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നത്. ഒരു ലക്ഷം രൂപ ഹഡ്കോ വായ്പയും 25000/- രൂപ സന്നദ്ധ സംഘടന / സ്പോൺസർ വിഹിതവും 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് ഹഡ്കോ വായ്പ സമാഹരിക്കാൻ കഴിയാത്തതിനാൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

## 2. ഗൃഹശ്രീ ഭവനപദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ./കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവനപദ്ധതി കേരള സർക്കാരിനുവേണ്ടി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരെഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും,

...3/-

അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ /എൻ.ജി.ഒ./ കാരുണ്യവാൻ-മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും, ഈ പദ്ധതിയിൽ നിക്ഷേപിക്കേ-ണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് അനുവ-ദിക്കുന്നതാണ്.

### 3. <u>ഇന്നവേറ്റീവ് ഭവന പദ്ധതി</u>

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ഇന്നവേറ്റീവ് ഭവന പദ്ധതി.

### 4. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി</u>

സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോ-ഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

### <u>5. പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താ ക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാ-ക്കുന്ന പദ്ധതിയാണിത്.

...4/-

## 6. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി.

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## 7. റവന്യൂ ടവ്വർ/മിനി സിവിൽ സ്റ്റേഷൻ/RDO കോംപ്ലക്സ്/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ

റവന്യൂ ടവ്വർ, മിനി സിവിൽ സ്റ്റേഷൻ, RDO കോംപ്ലക്സ്, വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികളും ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ.